# മധുരമായ കുട്ടികളേ – നിങ്ങൾക്ക് അദ്ഭുതം വരണം നമുക്ക് എത്ര മധുരമായ ബാബയെയാണ് ലഭിച്ചിരിക്കുന്നത് ആ ബാബയ്ക്ക് ഒരാശയുമില്ല എത്ര വലിയ ദാതാവാണ്, എടുക്കുന്നതിനുള്ള ആഗ്രഹം അല്പം പോലുമില്ല

**ചോദ്യം:–** ബാബയുടെ അതിശയകരമായ പാർട്ടേതാണ്? 100 ശതമാനവും നിഷ്കാമിയായ ബാബ ഏതൊരാഗ്രഹത്തോടെയാണ് സൃഷ്ടിയിൽ വന്നിരിക്കുന്നത്?
**ഉത്തരം:–** ബാബയുടെ അതിശയകരമായ പാർട്ട് പഠിപ്പിക്കുന്നതിന്റേതാണ്. ബാബ സേവനത്തിന് വേണ്ടിയാണ് വരുന്നത്. പാലിക്കുന്നു. വാത്സല്യത്തോടെ പറയുന്നു മധുരമായ കുട്ടികളേ ഇത് ചെയ്യൂ. ജ്ഞാനം കേൾപ്പിക്കുന്നു, ഒന്നും എടുക്കുന്നില്ല. 100 ശതമാനം നിഷ്ക്കാമിയായ ബാബയ്ക്ക് ആഗ്രഹമുണ്ടായി, ഞാൻ പോയി എന്റെ കുട്ടികൾക്ക് വഴി പറഞ്ഞ് കൊടുക്കട്ടേ. സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ വാർത്ത കേൾപ്പിക്കട്ടെ. കുട്ടികൾ ഗുണവാനാൻമാരാകണം......... ഇതാണ് ബാബയുടെ ആഗ്രഹം.

**ഓം ശാന്തി**. മധുര മധുരമായ ആത്മീയ കുട്ടികൾക്ക് ഇങ്ങനെയുള്ള ആത്മീയ അച്ഛനെ ലഭിച്ചിരിക്കുന്നു ആ ബാബ യാതൊന്നും എടുക്കുകയോ, ഭക്ഷിക്കുകയോ ചെയ്യുന്നില്ല. യാതൊന്നും കുടിക്കുന്നുമില്ല. അതുകൊണ്ട് ബാബയ്ക്ക് യാതൊരു ആശയോ പ്രതീക്ഷയോ ഇല്ല മറ്റ് മനുഷ്യർക്കെല്ലാം എന്തെങ്കിലുമെല്ലാം ആഗ്രഹം തീർച്ചയായും ഉണ്ടാകും. ധനവാനാകണം, ഇന്ന ആളാകണം. ബാബയ്ക്ക് യാതൊരു ആശയും ഇല്ല, ബാബ അഭോക്താവാണ്. ഞാൻ ഒന്നും കഴിക്കുകയോ കുടിക്കുകയോ ചെയ്യില്ല എന്ന് പറഞ്ഞ ഒരു സന്യാസിയെക്കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടായിരിക്കും. ഇത് കോപ്പിയടിക്കുന്നത് പോലേയാണ്. മുഴുവൻ ലോകത്തിലും ഒരു ബാബ മാത്രമാണ് ഒന്നും എടുക്കാത്തതായുള്ളൂ. അപ്പോൾ കുട്ടികൾ ചിന്തിക്കണം നമ്മൾ ആരുടെ കുട്ടികളാണ്. ബാബ എങ്ങനെയാണ് വന്ന് ഈ ശരീരത്തിൽ പ്രവേശിക്കുന്നത്. തനക്കായി യാതൊരു ആഗ്രഹവുമില്ല. സ്വയം ഗുപ്തമാണ്. ആ ബാബയുടെ ജീവിത കഥ നിങ്ങൾ കുട്ടികൾക്ക് മാത്രമാണ് അറിയുന്നത്. നിങ്ങളിലും വളരെ കുറച്ച് പേരാണ് പൂർണ്ണ രീതിയിൽ മനസിലാക്കുന്നത്. ഹൃദയത്തിൽ വരണം നമുക്ക് ഇങ്ങനെയുള്ള ബാബയെയാണ് ലഭിച്ചിരിക്കുന്നത് ആ ബാബ ഒന്നും കഴിക്കുന്നില്ല, കുടിക്കുന്നില്ല, യാതൊന്നും തന്നെ എടുക്കുന്നില്ല. ബാബയ്ക്ക് ഒന്നിന്റെയും ആവശ്യമില്ല. ഇങ്ങിനെ മറ്റൊരാളുണ്ടാകുക സാധ്യമല്ല. ഒരേയൊരു നിരാകാരനെയാണ് ഉയർന്നതിലും ഉയർന്ന ഭഗവാനെന്ന് പാടിയിട്ടുള്ളത്. ആ ഭഗവാനെ തന്നെയാണ് എല്ലാവരും ഓർമ്മിക്കുന്നത്. നിങ്ങളുടെ ഈ അച്ഛൻ അഭോക്താവാണ്, *ടീച്ചറും* അഭോക്താവാണ് അതുപോലെ സത്ഗുരുവും അഭോക്താവാണ്. ഒന്നും തന്നെ എടുക്കുന്നില്ല, എടുത്ത് എന്ത് ചെയ്യാനാണ്! ഇത് അതിശയിപ്പിക്കുന്ന പിതാവാണ്. തനിക്കായി അൽപ്പം പോലും ആശയില്ല. ഇങ്ങിനെയുള്ള ഒരു മനുഷ്യനും ഉണ്ടായിരിക്കില്ല. മനുഷ്യർക്ക് ഭക്ഷണം, വസ്ത്രം തുടങ്ങി എല്ലാം വേണം. എനിക്ക് ഒന്നും തന്നെ ആവശ്യമില്ല. പതിതരെ വന്ന് പാവനമാക്കൂ എന്ന് പറഞ്ഞാണ് എന്നെ വിളിക്കുന്നത്. ഞാൻ നിരാകാരനാണ്, ഞാൻ ഒന്നും എടുക്കുന്നില്ല. എനിക്ക് സ്വന്തം ശരീരമേയില്ല. ഞാൻ കേവലം ഇദ്ദേഹത്തിൽ പ്രവേശിക്കുകയാണ് ചെയ്യുന്നത്. ബാക്കി ഭക്ഷിക്കുന്നതും പാനം ചെയ്യുന്നതും ഇദ്ദേഹത്തിന്റെ ആത്മാവാണ്. എന്റെ ആത്മാവിന് യാതൊരു ആശയും ഇല്ല. ഞാൻ സേവനത്തിന് വേണ്ടി മാത്രമാണ് വരുന്നത്. ചിന്തിക്കണം, എത്ര അദ്ഭുതകരമായ കളിയാണ്. ഒരു ബാബ എല്ലാവർക്കും പ്രിയങ്കരനാണ്. ആ ബാബയ്ക്ക് അൽപ്പം പോലും ആശയില്ല. കേവലം വന്ന് പഠിപ്പിക്കുന്നു, പാലന ചെയ്യുന്നു, സ്നേഹശാസന നൽകുന്നു – മധുരമായ കുട്ടികളേ ഇങ്ങിനെ ചെയ്യൂ. ജ്ഞാനം കേൾപ്പിക്കുന്നു, ഒന്നും തന്നെ എടുക്കുന്നില്ല. ചെയ്യുന്നതും ചെയ്യിപ്പിക്കുന്നതും ബാബ തന്നെയാണ്. ശിവബാബയ്ക്ക് എന്തെങ്കിലും നൽകിയെന്ന് വിചാരിക്കൂ, ബാബ എന്ത് ചെയ്യും. ടോളി വാങ്ങി കഴിക്കുമോ? ശിവബാബയ്ക്ക് ശരീരമേയില്ല. പിന്നെങ്ങനെ സ്വീകരിക്കും? ചെയ്യുന്ന സേവനം നോക്കൂ എത്രയാണ്. എല്ലാവർക്കും നല്ല-നല്ല നിർദ്ദേശം നൽകി പുഷ്പം പോലെയാക്കി മാറ്റുന്നു. കുട്ടികൾ അദ്ഭുതം കൊള്ളണം. ബാബ ദാതാവ് മാത്രമാണ്. ദാതാവ് എത്ര ശക്തിശാലിയാണ് മറ്റൊരാഗ്രഹവുമില്ല. ബ്രഹ്മാ ബാബയ്ക്ക് പിന്നെയും ചിന്തയുണ്ടായിരിക്കും, ഇത്രയും കുട്ടികളെ സംരക്ഷിക്കണം, കഴിപ്പിക്കുകയും കുടിപ്പിക്കുകയും വേണം, ശിവബാബയ്ക്കാണ് പണമെല്ലാം വരുന്നത്. ബ്രഹ്മാ ബാബ എല്ലാം സ്വാഹ ചെയ്തു. ബാബയുടെ ശ്രീമതമനുസരിച്ച് നടന്ന് തന്റേതെല്ലാം സഫലമാക്കി ഭാവിയുണ്ടാക്കുന്നു. ബാബ 100 ശതമാനവും നിഷ്കാമിയാണ്. കേവലം ഈ ചിന്തയാണുള്ളത് എല്ലാവർക്കും പോയി വഴി പറഞ്ഞ് കൊടുക്കണം. സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ വാർത്ത കേൾപ്പിക്കണം അത് മറ്റാർക്കും അറിയില്ല. നിങ്ങൾ കുട്ടികൾ മാത്രമാണ് അറിയുന്നത്. അച്ഛൻ ടീച്ചറുടെ രൂപത്തിൽ പഠിപ്പിക്കുന്നു. *ഫീസൊന്നും* വാങ്ങുന്നില്ല.

നിങ്ങൾ ശിവബാബയുടെ പേരിൽ ചെയ്യുന്നു. അവിടെ അതിന് തിരിച്ച് ലഭിക്കുന്നു. എനിക്ക് നരനിൽ നിന്ന് നാരായണനാകണം എന്ന ആഗ്രഹം ശിവബായ്ക്കുണ്ടോ? ബാബ ഡ്രാമയനുസരിച്ച് പഠിപ്പിക്കുന്നു. ഉയർന്നതിലും ഉയർന്ന സിംഹാസനധാരിയാകണമെന്ന ആഗ്രഹം ബാബയ്ക്കില്ല. തീർത്തുമില്ല. മുഴുവൻ ആധാരവും പഠനത്തിലാണ്, ദൈവീക ഗുണങ്ങളിലാണ്. പിന്നീട് മറ്റുള്ളവരെയും പഠിപ്പിക്കണം. ബാബ നോക്കുന്നുണ്ട് ഡ്രാമയനുസരിച്ച് കൽപ്പം മുൻപത്തേതുപോലെ ഇവരുടെ ഓരോ കർത്തവ്യവും നടക്കുന്നു, സാക്ഷിയായി കാണുന്നു. കുട്ടികളോടും പറയുന്നു നിങ്ങൾ സാക്ഷിയായി കാണൂ. സ്വയവും നോക്കൂ, ഞാൻ പഠിക്കന്നുണ്ടോ, ഇല്ലേ. ശ്രീമതമനുസരിച്ച് നടക്കന്നുണ്ടോ, ഇല്ലേ. മറ്റുള്ളവരെ തനിക്ക് സമാനമാക്കന്നതിനുള്ള സേവനം ചെയ്യുന്നുണ്ടോ, അതോ ഇല്ലേ. ബാബ ഇദ്ദേഹത്തിന്റെ മുഖം ലോണെടുത്ത് സംസാരിക്കുകയാണ്. ആത്മാവ് ചൈതന്യമല്ലേ. മൃതദേഹത്തിൽ വന്ന് സംസാരിക്കാൻ സാധിക്കില്ല. തീർച്ചയായും ചൈതന്യത്തിൽ തന്നെയാണ് വരിക. അപ്പോൾ ബാബ എത്ര നിഷ്ക്കാമിയാണ്, യാതൊരു ആശയുമില്ല. കുട്ടികൾ വലുതാകുമ്പോൾ എന്നെ കഴിപ്പിക്കുമെന്ന് ലൗകിക പിതാവ് മസ്സിലാക്കുന്നുണ്ട്. ബാബയ്ക്ക് യാതൊരു ആഗ്രഹവുമില്ല. ഡ്രാമയിൽ എന്റെ ഭാഗം ഇങ്ങനെയാണെന്ന് അറിയുന്നുണ്ട്, കേവലം വന്ന് പഠിപ്പിക്കന്നു. ഇതും അടങ്ങിയിട്ടുണ്ട്. മനുഷ്യർ ഡ്രാമയെ തീർത്തും തന്നെ അറിയുന്നില്ല.

നമ്മളെ ബാബ തന്നെയാണ് പഠിപ്പിക്കുന്നതെന്ന നിശ്ചയം നിങ്ങൾ കുട്ടികൾക്ക് ഉണ്ട്. ഈ ബ്രഹ്മാവും പഠിക്കുകയാണ്. തീർച്ചയായും ഇദ്ദേഹം എല്ലാവരെക്കാളും നന്നായി പഠിച്ചിരിക്കും. ഇദ്ദേഹവും ശിവബാബയുടെ വളരെ നല്ല സഹായിയാണ്. എന്റെ പക്കൽ ധനമൊന്നും തന്നെയില്ല. കുട്ടികൾ തന്നെയാണ് ധനമെടുക്കുന്നതും കൊടുക്കുന്നതും. രണ്ട് പിടി നൽകി ഭാവിയിൽ എടുക്കുന്നു. ചിലരുടെ പക്കൽ ഒന്നുമില്ലെങ്കിൽ, നൽകാറുമില്ല. ശരിയാണ് ബാക്കി നന്നായി പഠിക്കുകയാണെങ്കിൽ ഭാവിയിൽ നല്ല പദവി നേടും, നമ്മൾ പുതിയ ലോകത്തിന് വേണ്ടി പഠിച്ചുകൊണ്ടിരിക്കുകയാണ് എന്ന ഓർമ്മയുള്ളവർ വളരെ കുറവാണ്. ഇത് ഓർമ്മയുണ്ടായിരിക്കുകയാണെങ്കിലും മൻമനാഭവയാണ്. എന്നാൽ ലോകത്തിലെ കാര്യങ്ങളിൽ ധാരാളം പേർ സമയം പാഴാക്കുന്നുണ്ട്, ബാബ എന്താണ് പഠിപ്പിക്കുന്നത്, എങ്ങിനെയാണ് പഠിപ്പിക്കുന്നത്, എത്ര ഉയർന്ന പദവിയാണ് നേടേണ്ടത് ഇതെല്ലാം മറന്ന് പോകുന്നു. പരസ്പരം വഴക്കും കലഹവുമായി സമയം പാഴാക്കുന്നു. വലിയ പരീക്ഷകൾ വിജയിക്കുന്നവർ ഒരിക്കലും തന്റെ സമയം പാഴാക്കില്ല. നന്നായി പഠിക്കും, ശ്രീമതമനുസരിച്ച് നടക്കും. ശ്രീമതമനുസരിച്ച് നടക്കേണ്ടതായില്ലേ. ബാബ പറയുന്നു നിങ്ങൾ ആജ്ഞയനുസരിക്കാത്തവരാണ്. ബാബയെ ഓർമ്മിക്കൂ എന്ന് ശ്രീമതം നൽകുന്നു അത് മറന്ന് പോകുന്നു. ഇതിനെ ദുർബലതയെന്ന് പറയും. മായ ഒറ്റയടിക്ക് മൂക്കിന് പിടിച്ച് ഇടിച്ച് തലയിൽ കയറിയിരിക്കുന്നു. ഇത് യുദ്ധമൈതാനമല്ലേ. നല്ല-നല്ല കുട്ടികളിൽ പോലും മായ വിജയം കൈവരിക്കുന്നു. പിന്നീട് ആരുടെ പേരാണ് മോശമാകുന്നത്? ശിവബാബയുടെ. ഗുരുനിന്ദകർ ഗതി പ്രാപിക്കില്ല എന്ന് പാടിയിട്ടുമില്ലേ. ഇങ്ങനെ മായയോട് തോൽക്കുന്നവർ എങ്ങിനെ ഗതി പ്രാപിക്കും. തന്റെ മംഗളത്തിനായി എങ്ങനെ ഞാൻ പുരുഷാർത്ഥം ചെയ്ത് ബാബയിൽ നിന്ന് സമ്പത്തെടുക്കും ഇതിൽ ബുദ്ധി പ്രവർത്തിപ്പിക്കണം. നല്ല-നല്ല മഹാരഥികളെപ്പോലെയായി എല്ലാവർക്കും വഴി പറഞ്ഞ് കൊടുക്കാം. ബാബ സേവനത്തിനായുള്ള വളരെ സഹജമായ യുക്തികൾ പറഞ്ഞ് തരുന്നുണ്ട്. ബാബ പറയുന്നു നിങ്ങൾ എന്നെ വിളിച്ചുകൊണ്ടേ വന്നു, ഇപ്പോൾ ഞാൻ പറയുന്നു എന്നെ ഓർമ്മിക്കുകയാണെങ്കിൽ പാവനമായി തീരും. പാവന ലോകത്തിന്റെ ചിത്രങ്ങളില്ലേ. ഇതാണ് മുഖ്യം. ഇവിടെ ലക്ഷ്യമുണ്ട്. ഡോക്ടറാകാൻ പഠിക്കണമെങ്കിൽ ഡോക്ടറെ ഓർമ്മിക്കണമെന്നില്ല. വക്കീലാകാൻ പഠിക്കുന്നതിന് ഏതെങ്കിലും വക്കീലിനെയും ഓർമ്മിക്കേണ്ടതില്ല. ബാബ പറയുന്നു കേവലം എന്നെ മാത്രം ഓർമ്മിക്കൂ. കേവലം ഞാൻ തന്നെയാണ് നിങ്ങളുടെ എല്ലാ മനോ കാമനകളും പൂർത്തീകരിക്കുന്നത്. നിങ്ങൾ എന്നെ മാത്രം ഓർമ്മിക്കൂ. ഇനി മായ എത്രയും തന്നെ നിങ്ങളെ ബുദ്ധിമുട്ടിക്കട്ടെ, യുദ്ധം തന്നേയല്ലേ. പെട്ടെന്ന് തന്നെ ജയിക്കും അങ്ങനെയില്ല. ഈ സമയം വരേക്കും ആരും തന്നെ മായയേ ജയിച്ചിട്ടില്ല, വിജയിക്കുന്നതിലൂടെ പിന്നീട് ജഗത്ജീത്തുമാകണം. പാടുന്നുണ്ട് ഞാൻ അടിമയാണ്, ഞാൻ നിന്റെ അടിമയാണ്... ഇവിടെ മായയെ അടിമയാക്കണം. അവിടെ ഒരിക്കലും മായ ദു:ഖം നൽകില്ല. ഇന്ന് ലോകം തന്നെ വളരെ മോശമാണ്. പരസ്പരം ദുഃഖം നൽകി കൊണ്ടേയിരിക്കുന്നു. അപ്പോൾ എത്ര മധുരമായ ബാബയാണ്, തനിക്കായി യാതൊരു ആഗ്രഹവുമില്ല. ഇങ്ങിനെയുള്ള ബാബയെ ഓർമ്മിക്കുന്നില്ല അഥവാ ആരെങ്കിലും പറയുകയാണ് ഞങ്ങൾ ശിവബാബയെ അംഗീകരിക്കുന്നു, ബ്രഹ്മാബാബയെ അംഗീകരിക്കുന്നില്ല. എന്നാൽ ഇവർ രണ്ട് പേരും ഒരുമിച്ചാണ്, ദല്ലാളില്ലാതെ വ്യാപാരം നടക്കില്ല. ബാബയുടെ രഥമാണ്, ഇദ്ദേഹത്തിന്റെ തന്നെ പേരാണ് ഭാഗ്യശാലീ രഥം. എല്ലാവരേക്കാളും ഉയർന്ന *നമ്പറാണ്* ഇദ്ദേഹത്തിന്റേതെന്നും അറിയാം. ക്ലാസിൽ ലീഡർക്കും സ്ഥാനമുണ്ട്. ആദരവ് നൽകാറുണ്ട്. കളഞ്ഞ് പോയി തിരികെ കിട്ടിയ *നമ്പർവൺ* കുട്ടിയല്ലേ ഇദ്ദേഹമല്ലേ. അവിടേയും എല്ലാരാജാക്കന്മാർക്കും ഇദ്ദേഹത്തെ (ശ്രീ നാരായണനെ) ബഹുമാനിക്കണം.

എപ്പോൾ ഇത് മനസ്സിലാക്കുന്നോ അപ്പോൾ ബഹുമാനം കൊടുക്കുന്നതിനുള്ള ബുദ്ധി വരും. ഇവിടെ ബഹുമാനിക്കാൻ പഠിക്കുമ്പോഴാണ് അവിടേയും ബഹുമാനിക്കുക. ഇല്ലെങ്കിൽ ബാക്കി എന്ത് ലഭിക്കും? ശിവബാബയെ ഓർമ്മിക്കാൻ പോലും സാധിക്കില്ല. ബാബ പറയുന്നു ഓർമ്മയിലൂടെ തന്നെയാണ് നിങ്ങളുടെ തോണി അക്കരയെത്തുന്നത്. പരിധിയില്ലാത്ത രാജ്യമാണ് നൽകുന്നത്. ഇങ്ങനെയുള്ള ബാബയെ എത്ര ഓർമ്മിക്കണം. ഉള്ളിൽ എത്ര സ്നേഹമുണ്ടാകണം. ഇദ്ദേഹത്തെ നോക്കൂ ബാബയോട് എത്ര സ്നേഹമാണുള്ളത്. സ്നേഹമുണ്ടാകണം അപ്പോഴാണ് സ്വർണ്ണത്തിന്റെ പാത്രമാകുക, ആരുടെ പാത്രമാണോ സ്വർണ്ണത്തിന്റേത് അവരുടെ പെരുമാറ്റവും വളരെ *ഫസ്റ്റ്ക്ലാസ്സായിരിക്കും*. ഡ്രാമയനുസരിച്ച് രാജധാനി സ്ഥാപിതമാകണം. അതിൽ എല്ലാ പ്രകാരത്തിലുള്ളവരും വേണം.

ബാബ മനസിലാക്കി തരുന്നു കുട്ടികളേ നിങ്ങൾക്കൊരിക്കലും ദേഷ്യം വരരുത്. മനസ്സിലാക്കണം അഥവാ നമ്മൾ സേവനം ചെയ്യുന്നില്ലെങ്കിൽ സമയം പാഴാക്കിക്കൊണ്ടിരിക്കുകയാണ്. ശിവബാബയുടെ യജ്ഞത്തിന്റെ ഒരു സേവനവും ചെയ്യുന്നില്ലെങ്കിൽ എന്താണ് ലഭിക്കുക? സേവനയുക്തർ തന്നെയാണ് ഉയർന്ന പദവി നേടുന്നത്. തന്റെ മംഗളം ചെയ്യുന്നതിന് താൽപ്പര്യം ഉണ്ടായിരിക്കണം. ചെയ്യുന്നില്ലെങ്കിൽ തന്റെ പദവി ഭ്രഷ്ടമാക്കുകയാണ്. വിദ്യാർത്ഥി നന്നായി പഠിക്കുകയാണെങ്കിൽ ടീച്ചറും സന്തോഷിക്കും, ഇവർ നമ്മുടെ പേര് പ്രശസ്തമാക്കും എന്ന് മനസിലാക്കും. ഇവർ കാരണമായി എനിക്ക് ഉയർച്ച ലഭിക്കും. അച്ഛനും *ടീച്ചറും* എല്ലാവരും സന്തോഷിക്കും. നല്ല സൽപുത്രരായ കുട്ടികളിൽ മാതാ-പിതാക്കൾ പോലും സമർപ്പണമാകാറുണ്ട്, ആരാണോ നന്നായി സേവനം ചെയ്യുന്നത്, അത് കേൾക്കുമ്പോൾ ബാബയും സന്തോഷിക്കും. ആരാണോ വളരെ പേരുടെ സേവനം ചെയ്യുന്നത്, അവർക്ക് തീർച്ചയായും പേരുണ്ടാകും. ഉയർന്ന പദവിയും അവർക്കാണ് നേടാൻ സാധിക്കുന്നത്. രാവും പകലും അവർക്ക് സേവനത്തിന്റെ തന്നെ ചിന്തയായിരിക്കും. ഭക്ഷണ-പാനീയത്തിന്റെ പോലും ചിന്ത ഉണ്ടായിരിക്കില്ല. മനസിലാക്കി കൊടുത്ത് മനസിലാക്കി കൊടുത്ത് തൊണ്ട പൊട്ടി പോകുന്നു. ഇങ്ങിനെയുള്ള കളഞ്ഞ് പോയി തിരികെ കിട്ടിയ സേവനയുക്തരായ കുട്ടികൾക്ക് തന്നെയാണ് ഉയർന്ന പദവി നേടേണ്ടത്. ഇത് 21 ജന്മത്തെ കാര്യമാണ്, അതും കൽപ്പ കൽപ്പാന്തരത്തേക്കായി. എപ്പോൾ *റിസൾട്ട്* വരുന്നോ, ആര് സേവനം ചെയ്തു എന്ന് അപ്പോളറിയാം. എത്ര പേർക്ക് വഴി പറഞ്ഞ് കൊടുത്തു. പെരുമാറ്റവും നല്ലതാക്കേണ്ടത് അത്യാവശ്യമാണ്. മഹാരഥി, കുതിരസവാരി, കാൽനടക്കാർ പേരുകളില്ലേ. സേവനം ചെയ്യുന്നില്ലെങ്കിൽ ഞാൻ കാൽ നടക്കാരനാണെന്ന് മനസിലാക്കണം. ഞാൻ ധനം കൊണ്ട് സഹായിച്ചിട്ടുണ്ട് അതുകൊണ്ട് എന്റേത് ഉയർന്ന പദവിയായിരിക്കുമെന്ന് ആരും വിചാരിക്കരുത്. ഇത് തീർത്തും തെറ്റാണ്. മുഴുവൻ ആധാരവും പഠനത്തിലും സേവനത്തിലുമാണ്. ബാബ വളരെ നല്ല രീതിയിൽ മനസിലാക്കി തന്ന് കൊണ്ടിരിക്കുന്നു അതായത് കുട്ടികൾ പഠിച്ച് ഉയർന്ന പദവി നേടണം. കൽപ്പ-കൽപ്പത്തിന്റെ നഷ്ടം തനിക്കുണ്ടാക്കരുത്. ബാബ കാണുന്നുണ്ട് ഇവർ സ്വയത്തിൽ നഷ്ടമുണ്ടാക്കുകയാണ്, ഇവർക്ക് മനസിലാകുന്നില്ല, ഞാൻ പണം നൽകി അതുകൊണ്ട് മാലയിൽ സമീപം വരും എന്ന് വിചാരിച്ച് സന്തോഷിക്കുന്നു. എന്നാൽ പണം നൽകിയാലും ജ്ഞാനം ധാരണ ചെയ്തിട്ടില്ല, യോഗം ചെയ്യുന്നില്ലെങ്കിൽ, അവരെ പിന്നെ എന്തിന് പറ്റും! അഥവാ ദയ കാണിക്കുന്നില്ലെങ്കിൽ പിന്നെ ബാബയെ ഏത് രീതിയിലാണ് ഫോളോ ചെയ്യുന്നത്. ബാബ വന്നിരിക്കുന്നത് തന്നെ നിങ്ങളെ പുഷ്പ സമാനമാക്കുന്നതിനാണ്. ആര് ധാരാളം പേരെ പുഷ്പ സമാനമാക്കുന്നോ അവരിൽ ബാബയും സമർപ്പണമാകും. സ്ഥൂല സേവയും ധാരാളമുണ്ട്. ഏതുപോലെയാണോ ഭക്ഷണം പാകം ചെയ്യുന്നവരെക്കുറിച്ച് ബാബ വളരെ മഹിമ പാടുന്നത്, അവർക്ക് ധാരാളം പേരുടെ ആശീർവ്വാദം ലഭിക്കുന്നു. ആര് എത്രത്തോളം സേവനം ചെയ്യുന്നോ, അവർ തന്റെ തന്നെ മംഗളമാണ് ചെയ്യുന്നത്, സ്വന്തം അസ്ഥികൾ സേവനത്തിന് നൽകുന്നു. തന്റെ തന്നെ സമ്പാദ്യമാണ് ഉണ്ടാക്കുന്നത്. പ്രാണന് തുല്യം സ്നേഹത്തോടെ സേവനം ചെയ്യുന്നു. ആര് പ്രശ്നങ്ങളുണ്ടാക്കുന്നോ, അവർ അവരുടേ തന്നെ ഭാഗ്യം മോശമാക്കുകയാണ്, ആരിൽ ലോഭമുണ്ടോ അവരെ അത് ദ്രോഹിച്ചു കൊണ്ടിരിക്കും. നിങ്ങളെല്ലാവരും വാനപ്രസ്ഥികളാണ്, നിങ്ങൾക്ക് ശബ്ദത്തിന് ഉപരി പോകണം. മുഴുവൻ ദിവസം ഞാൻ എത്ര സേവനം ചെയ്യുന്നുണ്ട്, സ്വയത്തോട് ചോദിക്കണം. ചില കുട്ടികൾക്ക് സേവനം ചെയ്യാതെ സുഖം ലഭിക്കില്ല. ചിലരിലെല്ലാം ഗ്രഹപ്പിഴ വന്നിരിക്കുന്നു – ബുദ്ധിയിൽ അല്ലെങ്കിൽ പഠിത്തത്തിൽ. ബാബ എല്ലാവരേയും ഒരു പോലെ പഠിപ്പിക്കുന്നു, ബുദ്ധി പലരുടേയും പല തരത്തിലാണ്. എങ്കിലും പുരുഷാർത്ഥം തീർച്ചയായും ചെയ്യണം. അല്ലെങ്കിൽ കൽപ്പ-കൽപ്പാന്തരത്തെ പദവി ഇതുപോലെ തന്നെ ആയിരിക്കും. അന്തിമത്തിൽ *റിസൾട്ട്* വരുമ്പോൾ എല്ലാവർക്കും സാക്ഷാത്ക്കാരം ഉണ്ടാകും. സാക്ഷാത്ക്കാരം ചെയ്ത് പിന്നീട് *ട്രാൻസ്ഫർ* ആകും. സമയം വെറുതെ പാഴാക്കി എന്ന് അന്തിമത്തിൽ പശ്ചാത്താപമുണ്ടാകും എന്നത് ശാസ്ത്രങ്ങളിലുമുണ്ട്. കൽപ്പ കൽപ്പാന്തരത്തേക്കായി വളരെ ചതിവ് പറ്റി. ബാബ ജാഗ്രത നൽകിക്കൊണ്ടേയിരിക്കുന്നുണ്ട്. കുട്ടികൾ പഠിച്ച് ഉയർന്ന പദവി നേടണം ഇതാണ് ശിവബാബയുടെ ആഗ്രഹം അല്ലാതെ തനിക്കായി യാതൊരു ആഗ്രഹമില്ല. ബാബയ്ക്ക് ഉപയോഗിക്കാനായി

യാതൊരു വസ്തുവുമില്ല. ബാബ മനസിലാക്കി തരുന്നു കുട്ടികളേ അന്തർമുഖിയാകൂ. ലോകം മുഴുവൻ ബഹിർ മുഖിയാണ്. നിങ്ങളാണ് അന്തർമുഖി. തന്റെ അവസ്ഥ നോക്കി ശരിയാക്കുന്നതിനുള്ള പുരുഷാർത്ഥം ചെയ്യണം. ശരി –

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണക്കുള്ള മുഖ്യ സാരം:–

1) സാക്ഷിയായി തന്റെ പാർട്ടിനെ നോക്കൂ – ഞാൻ നല്ല രീതിയിൽ പഠിച്ച് മറ്റുള്ളവരെ പഠിപ്പിക്കുന്നുണ്ടോ, അതോ ഇല്ലേ? തനിക്ക് സമാനമാക്കുന്ന സേവ ചെയ്യുന്നുണ്ടോ? തന്റെ സമയം ലോക കാര്യങ്ങളിൽ പാഴാക്കരുത്.

2) അന്തർമുഖിയായി സ്വയം സ്വയത്തെ പരിവർത്തനപ്പെടുത്തണം. സ്വന്തം മംഗളത്തിനുള്ള താൽപ്പര്യം വെക്കണം. സേവനത്തിൽ ബിസിയായി കഴിയണം. ബാബയ്ക്ക് സമാനം തീർച്ചയായും ദയാഹൃദയനാകണം.

## വരദാനം:– ഓരോ സമയവും തന്റെ ദൃഷ്ടി, വൃത്തി, കർമ്മത്തിലൂടെ സേവനം ചെയ്യുന്ന പക്വ സേവാധാരിയായി ഭവിക്കൂ

സേവാധാരി അർത്ഥം എല്ലാ സമയവും ശ്രേഷ്ഠ ദൃഷ്ടിയിലൂടെ, വൃത്തിയിലൂടെ, കർമ്മത്തിലൂടെ സേവനം ചെയ്യുന്നവർ, ആരെയും ശ്രേഷ്ഠ ദൃഷ്ടിയോടെ നോക്കുകയാണെങ്കിൽ ആ ദൃഷ്ടിയും സേവനം ചെയ്യുന്നു. വൃത്തിയിലൂടെ വായുമണ്ഡലമുണ്ടാകുന്നു. ഏതൊരു കാര്യവും ഓർമ്മയിൽ കഴിഞ്ഞ് ചെയ്യുകയാണെങ്കിൽ വായുമണ്ഡലം ശുദ്ധമാകുന്നു. ബ്രാഹ്മണ ജീവിതത്തിന്റെ ശ്വാസം തന്നെ സേവനമാണ്, ഏതുപോലെയാണോ ശ്വാസം നടക്കുന്നില്ലെങ്കിൽ ബോധരഹിതരാകുന്നത് അതുപോലെ ബ്രാഹ്മണ ആത്മാവ് സേവനത്തിൽ ബിസിയല്ലെങ്കിൽ ബോധരഹിതരാകുന്നു അതുകൊണ്ട് എത്രത്തോളം സ്നേഹി, അത്രയും സഹയോഗി, അത്രയും സേവാധാരിയാകൂ.

## സ്ലോഗൻ:– സേവനത്തെ കളിയാണെന്ന് മനസ്സിലാക്കുകയാണെങ്കിൽ ക്ഷീണിക്കുകയില്ല, സദാ ലൈറ്റായിരിക്കും.

**അവ്യക്ത ശാന്തിയിലൂടെ ഡബിൾ ലൈറ്റ് ഫരിസ്താ സ്ഥിതിയുടെ അനുഭവം ചെയ്യൂ**
സദാ ഡബിൾ ലൈറ്റ് സ്ഥിതിയിൽ കഴിയുന്നവർ നിശ്ചയ ബുദ്ധിയും, നിശ്ചിന്തരുമായിരിക്കും. പറക്കുന്ന കലയിലായിരിക്കും. പറക്കുന്ന കല അർത്ഥം ഉയർന്നതിലും ഉയർന്ന സ്ഥിതി. അവരുടെ ബുദ്ധിയാകുന്ന പാദം ഭൂമിയിലായിരിക്കില്ല. ഭൂമി അർത്ഥം ദേഹ ബോധത്തിൽ നിന്ന് ഉപരി. ആരാണോ ദേഹ ബോധത്തിന്റെ ഭൂമിയിൽ നിന്ന് ഉപരിയായി കഴിയുന്നത്, അവർ സദാ ഫരിസ്തയാണ്. അവരുടെ സമ്പർക്കത്തിലേക്ക് ഏതെല്ലാം ആത്മാക്കൾ വരുന്നോ അവർ അൽപ സമയത്തിൽ തന്നെ ശീതളത അഥവാ ശാന്തിയുടെ അനുഭൂതി ചെയ്യും.